പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3220    11.12.2014-ലെ മറുപടിക്ക്**

## പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ്കുറുപ്പ് | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാത കെ.എസ്.റ്റി.പി. ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഏറ്റെടുക്കൽ നടന്നത്; | (എ) പുനലൂർ മൂവാറ്റുപുഴ റോഡിന്റെ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി. ഒന്നാം പദ്ധതിയിൽപ്പെടുത്തി 2002-ൽ ഏറ്റെടുത്ത് 2007 ജനുവരിയിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പുനലൂർ തൊടുപുഴ ഭാഗം കെ.എസ്.ടി.പി.-2 പദ്ധതിയിൽപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. ഇതിൽ പൊൻകുന്നം - തൊടുപുഴ ഭാഗം 28.05.2014-ൽ കെ.എസ്.ടി.പി. ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. ഇതിൽ പി.പി.പി. രീതിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുനലൂർ -പൊൻകുന്നംറോഡ് കെ.എസ്.ടി.പി. പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏറ്റെടുത്തിട്ടില്ല. |
| ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; ഇപ്പോൾ റോഡിന്റെ ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിന് തന്നെയാണോ; | ബി) ലോക ബാങ്കുമായി ഒപ്പിട്ട കരാറിലെ നിബന്ധനപ്രകാരം കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി പുനലൂർ-പൊൻകുന്നംറോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ(പി.പി.പി.) ആണ് |

| | | |
|---|---|---|
| എങ്കിൽഎന്തുകൊണ്ട് കഴിഞ്ഞ കുറേ വർഷങ്ങളായി റീടാറിംഗ് ഒഴിവാക്കി കുഴിയടക്കൽ മാത്രം നടത്തുന്നു എന്ന് വ്യക്തമാക്കാമോ; | | നിർമ്മാണം നടത്തുന്നത്. ഇതിനുള്ള നടപടികൾ ധൃതഗതിയിൽ പുരോഗമിച്ചു വരുന്നു. നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാർ ഒപ്പ് വച്ചതിന് ശേഷമേ പൊതുമരാമത്ത് വകുപ്പിൽ നിന്ന് റോഡ് കെ.എസ്.ടി.പി.-ക്ക് കൈമാറുകയുള്ളു. കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുമെന്നതിനാൽ ഈ റോഡിന്റെ ഉപരിതലം പുതുക്കുന്നത് പാഴ് ചെലവായി മാറുമെന്നതിനാലാണ് റീടാറിംഗ് പണികൾ ഏറ്റെടുക്കാത്തത്. എങ്കിലും റോഡിനെ ഗതാഗതയോഗ്യമായി നിലനിർത്തുന്നതിനുള്ള അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തിട്ടുണ്ട്. ശബരിമല ഉത്സവത്തിന്റെ ഭാഗമായി റോഡ് പൂർണമായും ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. |
| സി) കെ.എസ്.ടി.പി. പ്രസ്തുത റോഡ് ഏറ്റെടുത്ത് പണി ആരംഭിച്ചെങ്കിൽ എവിടെയൊക്കെ പണി നടന്നെന്നും അവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ; പ്രസ്തുത പണികൾക്ക് എത്ര തുക വീതമാണ് ചെലവഴിച്ചത്; | സി) | പുനലൂർ - മൂവാറ്റുപുഴ റോഡിൽ മൂവാറ്റുപുഴ മുതൽ തൊടുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി. 1 പദ്ധതിയിൽ 2007-ൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.കെ.എസ്.ടി.പി. രണ്ടാം പദ്ധതിയിൽപ്പെട്ട പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള റോഡിന്റെ നിർമ്മാണം 05.05.2014-ൽ എഗ്രിമെന്റ് വച്ച് നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതിന് 227.13 കോടി രൂപയാണ് അടങ്കൽ തുക. ഈ റോഡിന്റെ കോലാനിബൈപ്പാസിലും എലിക്കുളം പൈക, പ്രവിതാനം എന്നിവിടങ്ങളിൽ ഓട നിർമ്മാണവും നെല്ലാപ്പാറയിൽ പാറപ്പൊട്ടിക്കലും നടന്നുകൊണ്ടിരിക്കുന്നു. ഈ കരാറിൽ ഇതുവരെ 3.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി)റാന്നി നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പണി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ; പണി ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാ ക്കാമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) ലോകബാങ്കുമായി ഒപ്പിട്ട കരാർ പ്രകാരം പുനലൂർ - പൊൻകുന്നം റോഡ് പൊതുസ്വകാര്യ പങ്കാളിത്ത (പി.പി.പി. - അന്വിറ്റി) വ്യവസ്ഥയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ റോഡിന്റെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പി.പി.പി. - അന്വിറ്റി രീതിയിൽ നിർമ്മാണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൺസഷണെയറെ കണ്ടെത്തുന്നതി നുമായി M/s. L & T Ramboll JV with M/s. Fortress എന്ന സ്ഥാപനത്തെ Transaction Advisory Consultant ആയി നിയമിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.